# എയ്ഡ്സ് ഇന്നും ലോകത്തിന് ഭീഷണി

**ലോ**കത്ത് എച്ച്ഐവി അണുബാധിതരായി 3.32 കോടി ജനങ്ങളുണ്ട്. ഇവരിൽ 25 ലക്ഷം കുട്ടികളാണ്. ഓരോ ദിവസവും ലോകത്തെങ്ങുമായി 7400 പേർ പുതിയതായി എച്ച്ഐവി അണുബാധിതരാകുന്നു. 40 ലക്ഷം പേർക്ക് ഇപ്പോൾ ചികിത്സ ലഭിക്കുന്നുണ്ട്. 97 ലക്ഷം പേർക്ക് ഇനിയും ചികിത്സ ലഭിക്കേണ്ടതായുണ്ട്. പുതിയതായി അണുബാധിതരാകുന്നതിൽ പകുതിയും 25 വയസിൽ താഴെയുള്ളവരാണ്. ഇവരിൽ ഭൂരിപക്ഷവും 35 വയസ് എത്തുന്നതിനു മുമ്പു തന്നെ മരണമടയുകയും ചെയ്യുന്നു. എയ്ഡ്സിനെതിരെ ജാഗ്രത തുടരേണ്ടതിന്റെ ആവശ്യകത എടുത്തു കാട്ടുന്നതാണ് ഈ കണക്കുകൾ.

എന്നാൽ പുതിയതായി എച്ച്ഐവി അണുബാധിതരാകുന്നവരുടെ എണ്ണത്തിൽ വരുന്ന കുറവ് ഈ രംഗത്തെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ കാണിക്കുന്നു. 2001 ൽ ലോകത്ത് പുതിയതായി 30 ലക്ഷം പേർ എച്ച്ഐവി അണുബാധിതരായെങ്കിൽ 2007 ൽ ഈ എണ്ണം 27 ലക്ഷമായി കുറഞ്ഞു.

2005 ൽ എച്ച്ഐവി അണുബാധയുടെ ഫലമായുണ്ടായ മരണം 22 ലക്ഷമായിരുന്നു. എന്നാൽ ഇത് 2007 ൽ 20 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ 24.7 ലക്ഷം എച്ച്ഐവി അണുബാധിതർ ഉള്ളതായാണ് കണക്ക്.

കേരളത്തിൽ എച്ച്ഐവി അണുബാധിതരായി 55,167 പേർ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 2009 ജൂലൈയിലെ കണക്കനുസരിച്ച് 10,491 എച്ച്ഐവി അണു ബാധിതരാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

## ‘സ്പന്ദനം’; എച്ച്ഐവി നിയന്ത്രണം അംഗൻവാടികളിലൂടെ

**എ**ച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് എത്തിക്കുന്നതിനായി സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും കൈകോർക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ അംഗൻവാടി പ്രവർത്തകർക്കായി ‘സ്പന്ദനം’ എന്ന ശാക്തീകരണ പരിപാടി നടത്തും.

അംഗൻവാടികളിലൂടെ അതാത് പ്രദേശങ്ങളിൽ സമഗ്രമായ എച്ച്ഐവി നിയന്ത്രണമാണ് ‘സ്പന്ദനം’ ലക്ഷ്യം വയ്ക്കുന്നത്. എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും എല്ലാവരെയും പ്രത്യേകിച്ച് സ്ത്രീകളെ ബോധവത്കരിക്കുക, എച്ച്ഐവി അണുബാധിതരോട് സമൂഹം കാണിക്കുന്ന നിന്ദയും വിവേചനവും കുറച്ചുക്കൊണ്ട് അവർക്ക് മെച്ചപ്പെട്ട ജീവിതം സാധ്യമാക്കുക, എച്ച്ഐവി നിയന്ത്രണത്തിനായുള്ള ജ്യോതിസ്, പുലരി, ഉഷസ്, പ്രത്യാശ, സുരക്ഷ എന്നീ കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങളെക്കുറിച്ചും സേവനം ലഭ്യമാകുന്ന സ്ഥലങ്ങളെക്കുറിച്ചും അറിവ് നൽകുക തുടങ്ങിയവയാണ് സ്പന്ദനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

പരിപാടികളുടെ തുടക്കമെന്ന നിലയിൽ കോഴിക്കോട്, എറണാകുളം ജില്ലകളിലെ ആറായിരത്തോളം അംഗൻവാടി പ്രവർത്തകർക്ക് പരിശീലനം നൽകും. ഇവർ ജില്ലകളിലെ അംഗൻവാടികൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഗൃഹസന്ദർശനം, അമ്മമാരുടെ യോഗം, കൗമാരപ്രായക്കാരെ സംഘടിപ്പിച്ച് അവർക്കായി ക്ലാസുകളും ചർച്ചകളും മത്സരങ്ങളും, ലഘുലേഖ വിതരണം, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി ചേർന്ന് അണുബാധിതരെ സഹായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയായിരിക്കും സ്പന്ദനത്തിലെ പ്രധാന പ്രവർത്തനങ്ങൾ.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ എച്ച്ഐവി ബോധവത്കരണം; രൂപരേഖ തയാറായി

**എ**ച്ച്ഐവി ബോധവത്കരണ പ്രവർത്തനങ്ങൾ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും വ്യവസായ വകുപ്പും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജിതമായി നടക്കാത്ത സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ യോഗത്തിൽ ധാരണയായി. ലോക എയ്ഡ്സ് ദിനം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ആചരിക്കും. ഏറ്റവും നന്നായി ദിനാചരണം നടത്തുന്ന സ്ഥാപനത്തിന് സമ്മാനം നൽകും. അടുത്ത ആറു മാസത്തെ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയും യോഗത്തിൽ തയാറാക്കി.

സ്ഥാപന മേധാവികളും യൂണിയൻ ഭാരവാഹികളും പൊതുജനങ്ങളും ഉൾപ്പെട്ട കോഓർഡിനേഷൻ കമ്മിറ്റി എല്ലാ സ്ഥാപനങ്ങളിലും രൂപീകരിക്കും. എച്ച്ഐവിയെ സംബന്ധിച്ച് ഓരോ പൊതുമേഖലാ സ്ഥാപനവും നയം രൂപികരിക്കുവാനും സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എച്ച്ഐവി ബോധവത്കരണം കാര്യക്ഷമമായി നടത്തവാനും സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുകയും രജിസ്ട്രേഷൻ സംവിധാനം ഒരുക്കുകയും ചെയ്യുവാനും തീരുമാനിച്ചു. പ്രത്യാശ കേന്ദ്രങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി വേലായുധൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി രഞ്ജി പങ്കെടുത്തു.

# എയ്ഡ്സിനെ ചെറുക്കാൻ വാക്സിൻ വികസിപ്പിച്ചു

**എ**ച്ച്ഐവി വൈറസിനെ ചെറുക്കാൻ പ്രതിരോധമരുന്നു കണ്ടെത്തി. കാൽ നൂറ്റാണ്ടു കാലമായി നടക്കുന്ന പരീക്ഷണങ്ങൾക്കൊടുവിലാണ് എയ്ഡ്സിനെ തടഞ്ഞുനിർത്താൻ മരുന്നിനാകുമെന്നു തെളിഞ്ഞിരിക്കുന്നത്.

എയ്ഡ്സിനെതിരെ ഉപയോഗിക്കുന്നതിനായി ഇതിനു മുമ്പു കണ്ടു പിടിച്ചതും എന്നാൽ ഫലപ്രദമല്ലെന്നു തെളിഞ്ഞതുമായ രണ്ടു മരുന്നുകൾ യോജിപ്പിച്ചാണ് പരീക്ഷണാടിസ്ഥാനത്തിലുള്ള പുതിയ മരുന്നു വികസിപ്പിച്ചെടുത്തിരിക്കുന്നത്.

തായ്‌ലൻഡിൽ 16,000 പേരിൽ ശാസ്ത്രജ്ഞർ നടത്തിയ പരീക്ഷത്തിലാണ് പുതിയ മരുന്നു ഫലപ്രദമെന്നു തെളിഞ്ഞത്. ഇവരിൽ അണുബാധയുടെ സാധ്യത 31.2% കുറഞ്ഞു. അൽ വാക്-എച്ച്ഐവി, എയ്ഡ്സ് വാക്സ് ബി/ഇ എന്നീ രണ്ടു മരുന്നുകൾ സംയോജിപ്പിച്ചാണ് പുതിയ വാക്സിൻ വികസിപ്പിച്ചത്. യു.എസ് സർക്കാർ സ്പോൺസർ ചെയ്ത ഈ പരീക്ഷണം പ്രയോഗിച്ചത് തായ്‌ലൻഡ് സർക്കാരാണ്. ലോകത്തിലെ ഏറ്റവും വലിയ എയ്ഡ്സ് പരീക്ഷണമായിരുന്നു ഇത്.

മരുന്നു സുരക്ഷിതമാണെന്നും പാർശ്വഫലങ്ങളില്ലെന്നും രാജ്യാന്തര ഡേറ്റ ആൻഡ് സേഫ്റ്റി മോണിട്ടറിംഗ് ബോർഡ് അറിയിച്ചു. വാക്സിൻ ഫലപ്രദമാണെന്നു കണ്ടെത്തിയെങ്കിലും വാണിജ്യപരമായി ഉപയോഗിക്കാൻ തയാറായിട്ടില്ല. ഈ മരുന്നു കൂടുതൽ വികസിപ്പിക്കാനും ഫലപ്രദമായ എയ്ഡ്സ് മരുന്ന് കണ്ടെത്താനും പരീക്ഷണഫലം ആത്മവിശ്വാസം പകരുന്നതായി യു.എസിലെ പകർച്ചവ്യാധികൾക്കായുള്ള ദേശീയ ഇൻസ്റ്റിട്യൂട്ട് അധ്യക്ഷൻ ആന്റണി ഫൗസി പറഞ്ഞു.

Printed & Published by Project Director, Kerala State AIDS Control Society (Dept. of Health and Family Welfare, Government of Kerala), Thiruvananthapuram - 35, www.ksacs.in
keralasacs@gmail.com, Ph: +91 471 2304882, 2303763, Fax: +91 471 2305183. HIV/AIDS Telecounselling No: 1097. For private circulation only.

KSACS
ആരോഗ്യ വകുപ്പ്
കേരള സർക്കാർ

അറിയുക
കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വാർത്താപത്രിക

Volume 4 Issue 22 October 2009

## മനുഷ്യാവകാശം സംരക്ഷിച്ചും സേവനലഭ്യത ഉറപ്പാക്കിയും

# ലോക എയ്ഡ്സ് ദിനം

## ഡിസംബർ 1



**ഡി**സംബർ ഒന്ന് ലോക എയ്ഡ്സ് ദിനമായി ആചരിക്കുന്നു. എച്ച്ഐവി അണുബാധ ഇന്നും ലോകത്തു നിലനിൽക്കുന്നുവെന്നും എച്ച്ഐവി പ്രതിരോധിക്കുന്നതിനും അണുബാധിതരെ സംരക്ഷിക്കുന്നതിനും ഇനിയും ഒരുപാടു കാര്യങ്ങൾ സമൂഹത്തിനു ചെയ്യാനുണ്ടെന്നും ഈ ദിനം മാനവരാശിയെ ഓർമിപ്പിക്കുകയാണ്.

മനുഷ്യാവകാശം സംരക്ഷിച്ചു കൊണ്ട് എച്ച്ഐവി നിയന്ത്രണം, എച്ച്ഐവി അണുബാധിതർക്കുള്ള ചികിത്സ, സംരക്ഷണം, പിന്തുണ എന്നിവയെല്ലാം എല്ലാവർക്കും പ്രാപ്യമാക്കുക എന്നതാണ് ഇത്തവണത്തെ ലോക എയ്ഡ്സ് ദിനത്തിന്റെ സന്ദേശം. ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറി ജനറൽ ബാൻ കി മൂണും യുഎൻഎയ്ഡ്സ് അധികൃതരും ചേർന്നാണ് ഇത്തവണത്തെ ലോക എയ്ഡ്സ്ദിന മുദ്രാവാക്യം പ്രഖ്യാപിച്ചത്.

എച്ച്ഐവി അണുബാധ ഏറ്റവും കൂടുതലായി ബാധിക്കുന്ന പാവപ്പെട്ടവർക്കും പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും വിവേചനവും സാമൂഹ്യനിന്ദയും ഭയക്കാതെ ജീവിക്കാനുള്ള മൗലികാവകാശമാണ് ഇവിടെ ഉറപ്പാക്കുന്നത്.

എച്ച്ഐവി അണുബാധിതരോടും സ്ത്രീകളോടും പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളോടും വിവേചനം കാട്ടുന്ന തരത്തിലുള്ള നിയമങ്ങൾ ഇല്ലാതാക്കിക്കൊണ്ട് മനുഷ്യാവകാശം സംരക്ഷിക്കുക എന്ന് ഈ വർഷത്തെ ലോക എയ്ഡ്സ് ദിനം വിവിധ രാജ്യങ്ങളോട് ആഹ്വാനം ചെയ്യുകയാണ്.

എച്ച്ഐവി, എയ്ഡ്സുമായി ബന്ധപ്പെട്ട് രാജ്യങ്ങൾ നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങളും ഉറപ്പുകളും പാലിക്കാനുള്ള അവസരമായി കൂടിയാണ് ഇക്കുറി എയ്ഡ്സ് ദിനത്തെ കാണുന്നത്.

ഇന്നും പല രാജ്യങ്ങളിലും നിലനിൽക്കുന്ന നിയമങ്ങൾ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളും ചികിത്സയും സംരക്ഷണവും നൽകുന്നതിനു തടസമായി നിൽക്കുന്നുണ്ട് എന്നാണ് ഈ രംഗത്തെ വിദഗ്ധരുടെ അഭിപ്രായം. എച്ച്ഐവി അണുബാധ പിടിപെടാനുള്ള സാധ്യത വളരെ കൂടുതലുള്ള ചില വിഭാഗങ്ങളെ കുറ്റക്കാരായി കാണുന്ന നിയമങ്ങളും നയങ്ങളും നിലനിൽക്കുന്നു.

പുരുഷ സ്വവർഗരതിയെ കുറ്റകൃത്യമായി കണക്കാക്കുന്നതും സ്ത്രീ ലൈംഗികത്തൊഴിലാളികളെ കുറ്റക്കാരായി കാണുന്ന നിയമങ്ങളും മറ്റും ഉദാഹരണങ്ങളാണ്. അതുപോലെ തന്നെ മയക്കുമരുന്നുപയോഗിക്കുന്നവരെ കുറ്റക്കാരായി കാണുന്ന നിയമങ്ങൾ ഇതിന്റെ ദോഷങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ ചികിത്സ നടത്തുന്നതിനുമുള്ള നീക്കങ്ങളെ ഫലത്തിൽ ദോഷകരമായി ബാധിക്കുകയാണു ചെയ്യുന്നത്.

എയ്ഡ്സ് ദിന മുദ്രാവാക്യം പ്രഖ്യാപിച്ചുകൊണ്ട് യുഎൻഎയ്ഡ്സ് പറഞ്ഞത് ഇത്തരം നിയമങ്ങളും നയങ്ങളും എച്ച്ഐവി അണുബാധിതരോടുള്ള സാമൂഹ്യനിന്ദയും വിവേചനവുമെല്ലാം മനുഷ്യാവകാശ ലംഘനമായി പരിഗണിക്കേണ്ടതാണ് എന്നാണ്.

**മനുഷ്യാവകാശം സംരക്ഷിച്ചു കൊണ്ട് എച്ച്ഐവി നിയന്ത്രണം, എച്ച്ഐവി അണുബാധിതർക്കുള്ള ചികിത്സ, സംരക്ഷണം, പിന്തുണ എന്നിവയെല്ലാം എല്ലാവർക്കും പ്രാപ്യമാക്കുക എന്നതാണ് ഇത്തവണത്തെ ലോക എയ്ഡസ് ദിനത്തിന്റെ സന്ദേശം. എച്ച്ഐവി അണുബാധ ഏറ്റവും കൂടുതലായി ബാധിക്കുന്ന പാവപ്പെട്ടവർക്കും പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും വിവേചനവും സാമൂഹ്യനിന്ദയും ഭയക്കാതെ ജീവിക്കാനുള്ള മൗലികാവകാശമാണ് ഇവിടെ ഉറപ്പാക്കുന്നത്.**

ഇത്തരം മനുഷ്യാവകാശനിഷേധങ്ങൾ ഇല്ലാതാക്കിക്കൊണ്ട് എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളും അണുബാധിതർക്കുള്ള ചികിത്സയും സംരക്ഷണവും സമൂഹത്തിന്റെ പിന്തുണയും എല്ലായിടത്തും എല്ലാവർക്കും പ്രാപ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്കാണ് ഈ വർഷത്തെ എയ്ഡ്സ് ദിനാചരണത്തിലൂടെ തുടക്കം കുറിക്കുന്നത് എന്നും പ്രഖ്യാപനത്തിൽ പറയുന്നു.

ഇതു കൈവരിക്കുന്നതിനായി യുഎൻഎയ്ഡ്സ് പ്രത്യേക കർമപദ്ധതി തന്നെ വിഭാവനം ചെയ്യുകയാണ്.

സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിലൂടെ എച്ച്ഐവി അണുബാധ വ്യാപിക്കുന്നതു കുറയ്ക്കുക, എച്ച്ഐവി പിടിപെടുന്നതിലൂടെ അമ്മമാർ മരിക്കുന്നതും കുട്ടികൾ അണുബാധിതരാകുന്നതും തടയുക, എച്ച്ഐവി അണുബാധിതരായവർ ക്ഷയരോഗബാധയിലൂടെ മരിക്കുന്ന സാഹചര്യം ഇല്ലാതാക്കുക, മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കിടയിലെ എച്ച്ഐവി വ്യാപനം തടയുക, എയ്ഡ്സ് വ്യാപനത്തിനെതിരെയുള്ള പരിപാടികൾക്കു തടസമാകുന്ന നിയമങ്ങളും നയങ്ങളും പ്രവർത്തനങ്ങളും തിരുത്തുക, എച്ച്ഐവി അണുബാധിതരോടും എയ്ഡ്സ് ബാധിതരോടുമുള്ള വിവേചനവും സാമൂഹ്യനിന്ദയും ഇല്ലാതാക്കുക, എച്ച്ഐവിയിൽ നിന്ന് സ്വയം ഒഴിവാകാൻ യുവാക്കളെ പ്രാപ്തരാക്കുക, സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ അവസാനിപ്പിക്കുക, എച്ച്ഐവി അണുബാധിതർക്കുള്ള സാമൂഹ്യസുരക്ഷ മെച്ചപ്പെടുത്തുക തുടങ്ങിയ നടപടികളിലൂടെ എല്ലാവരിലേക്കും എച്ച്ഐവി സേവനങ്ങൾ എന്ന ലക്ഷ്യം കൈവരിക്കാമെന്ന് യുഎൻഎയ്ഡ്സ് പ്രതീക്ഷിക്കുകയാണ് ഐക്യരാഷ്ട്ര സംഘടനയുടെ വിവിധ ഘടക സംഘടനകൾ ചേർന്നുള്ള എച്ച്ഐവി, എയ് ഡ്സ് മേഖലയിൽ പ്രവർത്തിക്കുന്ന സംയുക്ത പരിപാടിയാണ് യുഎൻ എ യ്ഡ്സ്.

1988 ഡിസംബർ ഒന്നിനാണ് ലോകത്ത് ആദ്യമായി എയ്ഡ്സ് ദിനം ആചരിക്കുന്നത്. അന്നു മുതൽ എല്ലാ വർഷവും ഡിസംബർ ഒന്ന് ലോകവ്യാപകമായി എയ്ഡ്സ് ദിനമായി ആചരിച്ചു വരികയാണ്.

ഇത്രയും കാലത്തെ എയ്ഡ്സ് ദിനാചരണത്തിലൂടെ എയ്ഡ്സ് ഉയർത്തുന്ന ഭീഷണിയെക്കുറിച്ചും എച്ച്ഐവിക്കും എയ്ഡ്സിനുമെതിരെ ബോധവത്കരണവും കരുതൽ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും രാജ്യങ്ങൾക്കിടയിലും ഭരണാധികാരികൾക്കിടയിലും സാധാരണ ജനങ്ങൾക്കിടയിലും അവബോധം വളർത്താൻ സാധിച്ചിട്ടുണ്ട്.

### പത്രാധിപക്കുറിപ്പ്

# എച്ച്ഐവി അണുബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാം

ഒരിക്കൽ കൂടി ലോകം എയ്ഡ്സ് ദിനം ആചരിക്കുന്നു. എച്ച്ഐവി പ്രതിരോധിക്കുന്നതിനും അണുബാധിതരെ സംരക്ഷിക്കുന്നതിനുമുള്ള സമൂഹത്തിന്റെ പ്രതിബദ്ധത അടിവരയിട്ട് ആവർത്തിക്കുന്നതിനുള്ള അവസരമാണിത്.

ലോകമെമ്പാടും വൈവിധ്യമാർന്ന പരിപാടികളോടെ ഇക്കുറിയും എയ്ഡ്സ് ദിനം ആചരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെയും നേതൃത്വത്തിൽ കേരളത്തിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

എച്ച്ഐവി അണുബാധിതരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുകയും ഒപ്പം എച്ച്ഐവി സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ വർഷത്തെ എയ്ഡ്സ്ദിന മുദ്രാവാക്യം.

ഈയൊരു ആശയത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ കേരളീയ സമൂഹം ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്നു മനസിലാക്കാൻ സാധിക്കും. എച്ച്ഐവി അണുബാധിതരെ തുല്യനിലയിൽ പരിഗണിക്കുന്നതിനും അവരുടെ അവകാശങ്ങൾ ലഭ്യമാക്കുന്നു എന്നുറപ്പാക്കുന്നതിലും നമ്മൾ എത്രമാത്രം വിജയിച്ചു എന്നു മനസിരുത്തി ചിന്തിക്കേണ്ട അവസരം കൂടിയാണിത്.

എച്ച്ഐവി, എയ്ഡ്സ് രംഗത്ത് നമ്മൾ എവിടെ നിൽക്കുന്നു എന്നും മനസിലാക്കേണ്ടതുണ്ട്. കേരളത്തിൽ അരലക്ഷത്തിലേറെ അണുബാധിതർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവർക്ക് ആവശ്യമായ ചികിത്സയും മാനസിക പിന്തുണയും സ്വയംപര്യാപ്തതയും നേടിക്കൊടുക്കാൻ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ എ.ആർ.ടി ചികിത്സാ കേന്ദ്രങ്ങളായ ഉഷസ് കേന്ദ്രങ്ങളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത് പതിനായിരത്തിലധികം പേർ മാത്രമാണ്. അവശേഷിക്കുന്നവർ ഈ സമൂഹത്തിൽ നമുക്കൊപ്പം ജീവിക്കുന്നു.

മറ്റൊരു വിഷയം എച്ച്ഐവി അണുബാധവ്യാപന ഭീഷണി സംബന്ധിച്ചുള്ളതാണ്. അണുബാധാ സാന്ദ്രത കേരളത്തെ സംബന്ധിച്ചിടത്തോളം അപകടകരമല്ലെന്നു പറയാമെങ്കിലും കേരളത്തിന്റെ അയൽസംസ്ഥാനങ്ങൾ ഉയർന്ന അണുബാധാവ്യാപനമുള്ള പ്രദേശങ്ങളാണ്. തൊഴിൽ തേടി കേരളത്തിൽ നിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് ആയിരക്കണക്കിനാളുകൾ പോകുന്നുണ്ട്.

അതുപോലെ തന്നെ തൊഴിൽ ചെയ്യുന്നതിനായി അയൽസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കും ആയിരക്കണക്കിനാൾക്കാർ എത്തുന്ന സാഹചര്യമാണുള്ളത്. ഈ പ്രത്യേക പരിതസ്ഥിതിയിൽ കേരളം ഏറെ സൂക്ഷിക്കേണ്ടതുണ്ട്. നമ്മുടെ ഉയർന്ന സാക്ഷരതയും സ്ത്രീശാക്തീകരണവുമെല്ലാം നമുക്കു തുണയാകുന്നുണ്ടെന്നു വിശ്വസിക്കാം.

എങ്കിലും ബോധവത്കരണത്തിലും എച്ച്ഐവി സേവനങ്ങൾ വ്യാപിപ്പിക്കുന്നതിലും കേരളം പ്രത്യേകം ശ്രദ്ധിച്ചേ മതിയാകൂ. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലതയോടെ മുന്നോട്ടുകൊണ്ടു പോകുന്നതിന്റെ ആവശ്യകതയുടെ ഓർമപ്പെടുത്തൽ കൂടിയാണ് നമ്മെ സംബന്ധിച്ചിടത്തോളം ഓരോ എയ്ഡ് സ് ദിനാചരണവും. ഒപ്പം കേരള സമൂഹത്തിന് എച്ച്ഐവി അണുബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനുള്ള അവസരം കൂടിയായി നമുക്ക് ഈ ദിനത്തെ മാറ്റാം.

**മനോജ് ജോഷി ഐ.എ.എസ്**
പ്രോജക്ട് ഡയറക്ടർ



*ദേശീയ രക്തദാനദിനാചരണത്തോടനുബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ നടന്ന രക്തദാന ക്യാമ്പിൽ ജില്ലാ കളക്ടർ ഡോ. പി. ബി. സലീം രക്തം ദാനം ചെയ്യുന്നു.*

## രക്തം ദാനം ചെയ്ത് കളക്ടർ രക്തദാന ക്യാമ്പ് ഉദ്ഘാടനം ചെയ്തു

*ദേശീയ രക്തദാനദിനത്തിൽ കോഴിക്കോട്ടെ രക്തദാനക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചത് ഉദ്ഘാടകൻ രക്തം ദാനം ചെയ്തു കൊണ്ട്. ജില്ലാ കളക്ടർ ഡോ. പി.ബി. സലിമാണ് രക്തം ദാനം ചെയ്ത് സന്നദ്ധ രക്തദാതാക്കൾക്ക് മാതൃകയും ആവേശവുമായത്.*

*കളക്ടറിൽ നിന്ന് ആവേശമുൾക്കൊണ്ട് കോഴിക്കോട്ടെയും പരിസരപ്രദേശങ്ങളിലെയും പത്തു കോളജുകളിൽ നിന്നുള്ള 168 എൻ.എസ്.എസ് വോളണ്ടിയർമാരാണ് കോഴിക്കോട് മെഡിക്കൽ കോളജ്, ബീച്ച് ഹോസ്പിറ്റൽ, കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിൽ രക്തം ദാനം ചെയ്തത്. ഇവരിൽ എഴുപതിലേറെ പെൺകുട്ടികളുമുണ്ടായിരുന്നു. കളക്ടറുൾപ്പെടെ രക്തദാനദിനത്തിൽ ഇവിടെ രക്തം ദാനം ചെയ്തത് 169 പേർ.*

*ഒക്ടോബറിൽ ജില്ലയുടെ വിവിധ പ്രദേശങ്ങളിലായി പതിനാലു രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു. മൊത്തം 420 പേർ രക്തം ദാനം ചെയ്തു. ഇവരെല്ലാം വിവിധ കോളജുകളിലെ എൻ.എസ്.എസ് വോളണ്ടിയർമാരായിരുന്നു.*

*രക്തദാനദിനത്തോടനുബന്ധിച്ച് കോഴിക്കോട്ടും റാലിയും പൊതുസമ്മേളനവുമുൾപ്പെടെ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിരുന്നെങ്കിലും തേക്കടി ദുരന്തത്തെ തുടർന്ന് റദ്ദാക്കുകയായിരുന്നു.*

## രക്തദാനത്തിൽ തൃശൂരിനു റിക്കാർഡ്

ദേശീയ രക്തദാനദിനാചരണത്തിന്റെ ഭാഗമായി തൃശൂർ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മെഗാരക്തദാന ക്യാമ്പ് കേരളത്തിന്റെ രക്തദാന ക്യാമ്പുകളുടെ ചരിത്രത്തിൽ റിക്കാർഡ്. 398 പേരാണ് ഇവിടെ രക്തം ദാനം ചെയ്തത്. കേരളത്തിൽ ഒറ്റ ക്യാമ്പിൽ ഇത്രയധികം പേർ ഇതിനു മുമ്പ് രക്തം ദാനം ചെയ്തിട്ടില്ല.

സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വർഷം ആദ്യം മുതൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തി വരുന്ന പരിശ്രമങ്ങളുടെ വിജയം കൂടിയാണിത്. തൃശൂരിൽ പ്രാദേശികമായി നടത്തിയ ഒരുക്കങ്ങളും രക്തദാന ക്യാമ്പ് വൻവിജയമാകുന്നതിന് സഹായിച്ചു.

തൃശൂർ അസിസ്റ്റന്റ് കളക്ടർ എം.ജി. രാജമാണിക്യത്തിന്റെ നേതൃത്വത്തിലായിരുന്നു ഇവിടെ രക്തദാനക്യാമ്പിന്റെ ആസൂത്രണവും നടത്തിപ്പും. അദ്ദേഹം ക്യാമ്പിൽ രക്തം ദാനം ചെയ്തു. ലോകത്തിലെ ഏറ്റവും വലിയ രക്തദാനക്യാമ്പ് എന്ന പേരിൽ ഗിന്നസ് ബുക്കിൽ കയറിപ്പറ്റിയ 3000 പേർ പങ്കെടുത്ത മധുരയിലെ രക്തദാനക്യാമ്പിന്റെ മുഖ്യസംഘാടകരിലൊരാളായിരുന്നു രാജമാണിക്യം. ജില്ലാ ഭരണകൂടത്തിന്റെയും ജില്ലയിലെ ആരോഗ്യവകുപ്പിന്റെയും സജീവപിന്തുണയും സഹകരണവും ക്യാമ്പിനുണ്ടായിരുന്നു.





# ദേശീയ രക്തദാനദിനം – ഒക്ടോബർ ഒന്ന്

## രക്തദാന ദിനാചരണം: ആയിരത്തിലേറെ പേർ രക്തം ദാനം ചെയ്തു



*തൃശൂരിലെ രക്തദാന ക്യാമ്പിന്റെ ദൃശ്യം*

ദേശീയ രക്തദാനദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനവ്യാപകമായി സംഘടിപ്പിച്ച രക്തദാന ക്യാമ്പുകളിലൂടെ ആയിരത്തി നാനൂറോളം പേർ രക്തം ദാനം ചെയ്തു.

സംസ്ഥാനതല പരിപാടി നിശ്ചയിച്ചിരുന്ന തൃശൂരിൽ നടത്തിയ മെഗാരക്തദാന ക്യാമ്പിൽ 398 പേർ രക്തം ദാനം ചെയ്തു..

കോഴിക്കോട് ജില്ലയിലെ രക്തദാനക്യാമ്പ് ജില്ലാ കളക്ടർ ഡോ. പി.ബി. സലിം രക്തം ദാനം ചെയ്തുകൊണ്ടാണ് ഉദ്ഘാടനം ചെയ്തത്. ഇവിടെ 169 പേർ രക്തം ദാനം ചെയ്തു. തിരുവനന്തപുരത്ത് തെർമോപെൻപോളുമായി ചേർന്നു നടത്തിയ ക്യാമ്പിൽ 135 പേർ രക്തദാനം നടത്തി. കോട്ടയത്ത് ബി.സി.എം കോളജിൽ നടത്തിയ രക്തദാനക്യാമ്പിൽ രക്തം ദാനം ചെയ്യാനെത്തിയവർ മുഴുവൻ സ്ത്രീകളായിരുന്നു. ഇവിടെ 141 പേരാണ് രക്തദാനം നടത്തിയത്. മലപ്പുറത്ത് 77 പേരും ആലപ്പുഴയിൽ 91 പേരും എറണാകുളത്ത് 48 പേരും രക്തം ദാനം ചെയ്തു. പാലക്കാട്ട് 50, കൊല്ലം 36, വയനാട് 23, കാസർഗോഡ് 64, കണ്ണൂർ 75 എന്നിങ്ങനെയാണ് മറ്റു ജില്ലകളിലെ കണക്ക്.

എല്ലാ ജില്ലകളിലും വിദ്യാർഥികൾ രക്തദാനത്തിനെത്തിയിരുന്നു. സന്നദ്ധസംഘടനകൾ, യുവജനസംഘടനകൾ, രാഷ്ട്രീയപാർട്ടികൾ എന്നിവയുടെ പ്രതിനിധികളും രക്തം ദാനം ചെയ്തു.

രക്തദാനദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി ഒരു മാസം നീളുന്ന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ ഭരണകൂടം, ജില്ലാ മെഡിക്കൽ ഓഫീസുകൾ, രക്തബാങ്കുകൾ, ജില്ലാതല സന്നദ്ധ രക്തദാന സമിതികൾ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് എന്നിവയുടെ സഹകരണത്തോടെ വിവിധ ജില്ലകളിലായി നൂറു രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു.

## ദേശീയ രക്തദാനദിനം: തൃശൂരിൽ മെഗാരക്തദാന ക്യാമ്പ് നടത്തി

ദേശീയ രക്തദാനദിനാചരണത്തിന്റെ ഭാഗമായി തൃശൂർ ഇൻഡോർ സ്റ്റേഡിയത്തിൽ മെഗാരക്തദാന ക്യാമ്പ് നടന്നു. വിദ്യാർഥികളും സന്നദ്ധ സംഘടനാ പ്രവർത്തകരും പൊതുജനങ്ങളുമുൾപ്പെടെ 398 പേർ രക്തം ദാനം ചെയ്തു.

ഒക്ടോബർ ഒന്നിന് രാവിലെ 8.30 ന് ഇൻഡോർ സ്റ്റേഡിയത്തിൽ രക്തദാന ക്യാമ്പ് ആരംഭിച്ചു. കോ ഓപ്പറേറ്റീവ് ആർട്സ് ആൻഡ് സയൻസ് കോളജ്, സെന്റ് മേരീസ് കോളജ്, വിമല കോളജ്, വിമെൻസ് പോളിടെക്നിക്ക് നെടുപുഴ, സെന്റ് അലോഷ്യസ് കോളജ് എൽത്തുരുത്ത്, ഗവൺമെന്റ് എൻജിനീയറിംഗ് കോളജ്, പ്രതിഭ കോളജ്, വെറ്റിനറി കോളജ്, സെന്റ് തോമസ് കോളജ്, ഗവൺമെന്റ് പോളിടെക്നിക്ക് ചേലക്കര, ഹദ വിദ്യാഗുരുകുലം തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർഥികളും ഐ.എം.എ, ജേസീസ് തൃശൂർ, കെ.സി.വൈ.എം, അഖില ഭാരതീയ മറാത്തി സംഘ് എന്നിവയുടെ പ്രവർത്തകരും രക്തം ദാനം ചെയ്തു.

## കോട്ടയത്ത് രക്തദാതാക്കൾ മുഴുവൻ സ്ത്രീകൾ

രക്തദാനദിനത്തിൽ കോട്ടയത്തിനു മാത്രം അവകാശപ്പെട്ട ഒരു ബഹുമതിയുണ്ട്. ഇവിടെ സംഘടിപ്പിച്ച രക്തദാനക്യാമ്പിൽ രക്തം ദാനം ചെയ്തത് മുഴുവൻ സ്ത്രീകളായിരുന്നു. കോട്ടയം ബി.സി.എം കോളജിലായിരുന്നു കോട്ടയത്തെ ക്യാമ്പ്. ഇവിടെ 141 സ്ത്രീകൾ രക്തം ദാനം ചെയ്തു. സ്ത്രീകൾക്കിടയിൽ സന്നദ്ധ രക്തദാനം തുലോം കുറവായ കേരളത്തിൽ ഇത്രയധികം സ്ത്രീകൾ ഒരേ സ്ഥലത്ത് രക്തം ദാനം ചെയ്യാനെത്തിയത് ഏറെ ശ്രദ്ധേയമായി. പല കാര്യങ്ങൾക്കും തുടക്കം കുറിച്ച് ചരിത്രത്തിലിടം നേടിയിട്ടുള്ള കോട്ടയത്തിന് മറ്റൊരു ബഹുമതി കൂടി.



*കോട്ടയം ബി.സി.എം കോളജിലെ രക്തദാന ക്യാമ്പിൽ നിന്നൊരു ദൃശ്യം*

## തേക്കടി ദുരന്തം: റാലിയും പൊതുസമ്മേളനവും റദ്ദാക്കി

തേക്കടി ദുരന്തത്തെ തുടർന്ന് ദേശീയ രക്തദാന ദിനാചരണത്തിന്റെ തൃശൂരിൽ നടത്താൻ നിശ്ചയിച്ചിരുന്ന സംസ്ഥാനതല പരിപാടികൾ റദ്ദാക്കി.

ഇൻഡോർ സ്റ്റേഡിയത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന രക്തദാന ക്യാമ്പ് മാത്രം നടത്തുകയായിരുന്നു.

തേക്കടി ദുരന്തത്തിൽ അനുശോചിച്ചു കൊണ്ടാണ് രക്തദാന ക്യാമ്പ് ആരംഭിച്ചത്. തെക്കെ ഗോപുര നടയിൽ നിന്ന് ടൗൺ ഹാളിലേക്ക് റാലിയും തുടർന്ന് പൊതുസമ്മേളനവും നടത്താനാണ് നിശ്ചയിച്ചിരുന്നത്.